# പതിമൂന്നാം കേരള നിയമസഭ

## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 263 — 02.04.2013ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയും വേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത കോളേജുകൾ ക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 അക്കാദമിക് വർഷം മുതൽ 4,6,8 സെമസ്റ്ററുകളിൽ യഥാക്രമം 25%,30%,35% വിജയം ഉള്ള കോളേജുകൾക്ക് മാത്രമേ നിലവിലുള്ള കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകുകയുള്ളൂ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഇതിനോടകം എത്ര തവണ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി പ്രധാനമായും താഴെപ്പറയുന്ന ആറ് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).<br>(1) G.O.(Rt)No. 217/12/H.Edn. dated 31-01-2012.<br>(2) G.O.(Rt)No. 914/12/H.Edn. dated 18-05-2012.<br>(3) G.O.(Rt)No.2702/12/H.Edn. dated 19-12-2012.<br>(4) G.O.(Rt)No. 44/13/H.Edn. dated 11-01-2013.<br>(5) G.O.(Rt)No. 140/13/H.Edn. dated 31-01-2013.<br>(6) G.O.(Ms)No. 71/13/H.Edn. dated 15-03-2013. |

| | |
|---|---|
| (സി) ഇതിന്റെ വെളിച്ചത്തിൽ അടിയന്തിരമായി ചെയ്യാൻ കഴിയുന്ന എന്തെല്ലാം സംഗതികൾ പ്രസ്തുത കോളേജുകളുടെ ഭാഗത്തുനിന്ന് ഇതുവരെ ചെയ്തുവെന്ന് അറിയിക്കുമോ? | (സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊള്ളുന്ന നടപടികളോട് അനുകൂല നിലപാടാണ് കോളേജുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. കൂടാതെ കോളേജുകൾ അവരുടെ രണ്ട് വർഷത്തെ കർമ്മ പദ്ധതികളുടെ കരട് രൂപം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**